പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3776 21.06.2019-ൽ മറുപടിക്ക്**

**ചരക്കുസേവന നികുതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ചരക്കുസേവന നികുതി ഈടാക്കുന്ന ചില കച്ചവട സ്ഥാപനങ്ങൾ പ്രസ്തുത തുക സർക്കാരിലേക്ക് ഒടുക്കാതെ ക്രമക്കേട് നടത്തുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. രജിസ്ട്രേഷൻ നമ്പർ കാണിക്കാതെ ബില്ലിൽ ഒൻപത് ശതമാനം ജി.എസ്.ടി. തുക ഈടാക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ബി) | ജി.എസ്.ടി. രജിസ്ട്രേഷൻ നമ്പർ കാണിക്കാതെ ബില്ലിൽ നികുതി ഈടാക്കുന്നത് ജി.എസ്.ടി നിയമം വകുപ്പ് 122 (1) പ്രകാരം കുറ്റകരമാണ്. ജി.എസ്.ടി നികുതി നിരക്കുകളിൽ 9% എന്നൊരു നിരക്കില്ല. 9% എസ്. ജി.എസ്.ടി 9%, സി. ജി.എസ്.ടി എന്നിങ്ങനെ ആകെ 18% ആണ് ഈ സ്ലാബിൽ നികുതിയായി ഈടാക്കേണ്ടുന്നത്. 9% ശതമാനം നിരക്കിൽ നികുതി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം വ്യാപാരിക്കെതിരെ ജി.എസ്.ടി നിയമപ്രകാരം പിഴ ഈടാക്കൽ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരത്തിലുള്ള കേസ്സുകൾ പരാതികളുടെ അടിസ്ഥാനത്തിലോ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗത്തിന്റെ അന്വേഷണത്തിന്റെ ഭാഗമായോ കണ്ടെത്തിയാൽ ടി വകുപ്പ് പ്രകാരം പിഴ ചുമത്താറുണ്ട്. |

സെക്ഷൻ ഓഫീസർ